വിരമിച്ചവരുടെ പുനർനിയമനം

6 [3057] ശ്രീ. ജോർജ് ജെ. മാത്യു:

,, ടി. വി. ചന്ദ്രമോഹൻ:

,, എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയർ ചെയ്ത എത്രപേരെ സംസ്ഥാന സർവ്വീസിലും, പൊതു മേഖലാസ്ഥാപനങ്ങളിലും ഗവൺമെന്റിന് നിയന്ത്രണമുള്ള മറ്റു സ്ഥാപനങ്ങളിലും നിയമിച്ചിട്ടുണ്ട്.

(ബി) ആരെയെല്ലാമാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളതെന്നും, റിട്ടയർമെന്റിന് ശേഷം എത്ര കാലമായി ഇവർ പുനർനിയമനത്തിലാണെന്നും, ഇവർ വഹിക്കുന്ന പോസ്റ്റ് എന്തെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഇവർക്ക് പ്രതിമാസം, ശമ്പളം, ടി.എ., ഡി. എ. മറ്റു ചെലവുകൾ എന്നീയിനങ്ങളിൽ എന്തു തുകയുടെ ചെലവുണ്ട്?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജോലി സ്ഥലങ്ങളിലെ ലൈംഗിക പീഡനം

7 [3058] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജോലി സ്ഥലങ്ങളിലെ ലൈംഗിക പീഡനം സംബന്ധിച്ച് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ;

(ബി) ജോലി സ്ഥലത്തെ ലൈംഗികപീഡനം സംബന്ധിച്ച് 2001, 2002, 2003, 2004 തുടങ്ങിയ വർഷങ്ങളിൽ ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ പരാതികളിൽമേൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്;

(ഡി) എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ഇ) എത്ര കേസുകൾ വിചാരണ പൂർത്തിയാക്കിയിട്ടുണ്ട്;

(എഫ്) എത്ര പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-8-2004 മുതൽ 28-2-2005 വരെ 2 പരാതികൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly